**E 2053** (Pages : 3) Reg. No..................................

Name......................................

## B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, APRIL 2016

**Fourth Semester**

Additional Language—Malayalam

### ഗദ്യം, രചനാപരിചയം

(2013 Admission onwards)

Time : Three Hours Maximum : 80 Marks

#### എ വിഭാഗം

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. നാനോടെക്നോളജിയെക്കുറിച്ച് എറിക് ഡ്രക്സ്‌ലർ എഴുതിയ കൃതി ഏത് ?
2. കരുണ പ്രസിദ്ധീകരിച്ച വർഷം.
3. പാപത്തറ എന്ന കഥാസമാഹാരത്തിന് അവതാരിക എഴുതിയതാര് ?
4. ലിപി എന്നാലെന്ത് ?
5. പുനരുക്തി എന്താണ് ?
6. അടിമത്വം, അടിമത്തം ഇവയിൽ ശരിയായ പദമേത് ?
7. ഇനി വായന–ഇ-വായന ആരുടെ കൃതിയാണ് ?
8. സ്രോതഭാഷ എന്നാലെന്ത് ?
9. കേരളപാണിനീയം എഴുതിയതാര് ?
10. കട്ട്സ് എന്ന കൃതി ആരുടേതാണ് ?

$(10 \times 1 = 10)$

#### ബി വിഭാഗം

അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. പ്രകരണശുദ്ധി എന്നാലെന്ത് ?
12. ലിപ്യന്തരണം എന്താണ് ?
13. അപകോളനീകരണത്തിന്റെ പ്രത്യേകതയെന്ത് ?

**Turn over**

14. അതിവേഗത്തിലുള്ള ചിന്തയുടെയും തീരുമാനമെടുക്കലിൻെറയും കലയാണ് പത്രപ്രവർത്തനം എന്നു പറയുന്നത് എന്തുകൊണ്ട് ?

15. വി.ടി. ഭട്ടതിരിപ്പാട് സാഹിത്യരംഗത്തിന് നൽകിയ സംഭാവനകൾ വിലയിരുത്തുക.

16. തിണ സങ്കല്പമെന്തെന്ന് വിശദീകരിക്കുക.

17. ഭാഷാ പുരുഷ കേന്ദ്രിതമാണെന്ന് സാറാ ജോസഫ് അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട് ?

18. പാഠാന്തരത എന്താണെന്ന് വ്യക്തമാക്കുക.

19. സ്ത്രീ നാടകവേദിയുടെ പ്രത്യേകതകൾ എഴുതുക.

20. ശാസ്ത്രലേഖനങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

21. യന്ത്രതർജ്ജുമ എന്നാലെന്ത് ?

22. തത്ഭവങ്ങൾ, തത്സമങ്ങൾ ഇവ എന്തെന്ന് വ്യക്തമാക്കുക.

$(8 \times 2 = 16)$

### സി വിഭാഗം

**ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

23. അപനിർമ്മാണം കുറിപ്പെഴുതുക.

24. ബ്ലോഗ് സാഹിത്യത്തിൻെറ പ്രത്യേകതകൾ വിവരിക്കുക.

25. ദുരവസ്ഥയെ ഒന്നാംതരം കവിയുടെ പത്താംതരം കവിതയായി പരിഗണിക്കുന്നതെന്തുകൊണ്ട് ?

26. അനുഷ്ഠാനപരത നാടോടി വിജ്ഞാനീയങ്ങളുടെ അവിഭാജ്യഘടകമാണെന്ന് പറയുന്നത് എന്തുകൊണ്ട് ?

27. സ്മാർട്ട് ബോംബുകളുടെ പ്രവർത്തനം വിശദീകരിക്കുക.

28. പത്രമാധ്യമം നേരിടുന്ന പ്രധാന വെല്ലുവിളികൾ വിവരിക്കുക.

29. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം **ഇംഗ്ലീഷിലേക്ക്** തർജ്ജമ ചെയ്യുക :

ഹെർമ്മൻ ഗുണ്ടർട്ടിൻെറ ജീവിതത്തിലെ സുപ്രധാനമായ ഒരു സംഭവം നടന്നത് അവിടെ വച്ചാണ്. അദ്ദേഹത്തിൻെറ വിവാഹം. സഹയാത്രികയായ ജൂലി തുടർന്ന് ഗുണ്ടർട്ടിൻെറ ജീവിതത്തിലും സഹയാത്രികയായി. 1838 ജൂലായ് 23-നായിരുന്നു അനിർഭാടമായ ആ വിവാഹം. ഗുണ്ടർട്ടിനെക്കാൾ 5 വയസ്സ് കൂടുതലായിരുന്നു വധുവിന്. മരണംവരെയും എല്ലാ പ്രവർത്തനങ്ങൾക്കും ഗുണ്ടർട്ടിന് കൈത്താങ്ങായി ജൂലി ഒപ്പം ഉണ്ടായിരുന്നു. ചിറ്റൂരിലെ ജഡ്ജി ലസ്സിയും കുടുംബവുമാണ് ഗുണ്ടർട്ടിൻെറ വിവാഹകാര്യത്തിൽ ഏറെ ഉത്സാഹിച്ചത്. എന്നാൽ ഗ്രോവ്സ് കുടുംബവുമായുള്ള ബന്ധം ഗുണ്ടർട്ടും ജൂലിയും അവസാനിപ്പിച്ചു. ചിറ്റൂരിൽ തുടരേണ്ടെന്ന് അവർ തീരുമാനമെടുത്തു.

30. പാഠവിശകലനം നടത്തുക :

ജനാലയിലിരുന്ന് ഒരു പെൺകുട്ടി മുടി ചീകുന്നു
ഈ ഒരു വാക്യം മതി ഒരു കവിതയാകുവാൻ
ഒരു കഷണം തുണിവെട്ടി തുന്നിക്കൊണ്ടിരിക്കുന്നു
മുടി ചീകുന്ന പെൺകുട്ടി കണ്ടിരുന്നു മുയലുകളെ
ചുവന്നു തുടുത്ത കണ്ണുകളെ ഇല കത്രിക്കുന്ന ചുണ്ടുകളെ
അവളുടെ മുഖത്തപ്പോൾ ഒരു പുഞ്ചിരി വന്നല്ലോ
ഇങ്ങനെ ചില ചിത്രങ്ങൾകൂടി തുന്നിച്ചേർക്കുന്നു

(എസ്. ജോസഫിൻെറ തൂവാല എന്ന കവിത)

31. പാഠവിശകലനം നടത്തുക :

ചലിക്കുന്ന നിമിഷങ്ങളെ നിശ്ചലമാക്കുന്ന ഒരു തൊഴിലാണ് എൻേറത്. അതെ, ഞാനൊരു ഫോട്ടോഗ്രാഫറാണ്. മനോഹരമായ ചലനങ്ങളെ ഭംഗിയേറിയ നിശ്ചലങ്ങളാക്കിയാൽ മാത്രമേ ഒരു ഫോട്ടോഗ്രാഫർക്കു സ്വന്തം ജീവിതത്തെ ചലിപ്പിക്കാൻ കഴിയുകയുള്ളു. എന്നാൽ ചലനങ്ങളെ ഫ്രീസ് ചെയ്തു സൂക്ഷിക്കുന്ന മോർച്ചറിയാണ് ഓരോ ക്യാമറയെന്നും എല്ലാ ഇടങ്ങളിലെയും അനക്കങ്ങൾ നഷ്ടപ്പെട്ടുപോയ കാലമാണിതെന്നുമുള്ള വിചാരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനിടയിൽ ഭീഷ്മ തൻെറ ക്യാമറ ഉയർത്തിപ്പിടിച്ചു. ആളൊഴിഞ്ഞ പ്രസ്സ് ക്ലബ്ബിലെ ഏറ്റവും പുറകിലെ കസേരയിൽ ഇരുന്നു. റോഡിലെ തിരക്കേറിയ കാഴ്ചകളിലേക്കു ക്യാമറയെ ഫോക്കസ് ചെയ്തു. വാഹനങ്ങളെ ഉപേക്ഷിച്ചു. ഫുട്പാത്തിലേക്കു പിടിച്ചു.

(ഛായാഗ്രഹണം—അർഷാദ്ബത്തേരി)

(6 × 4 = 24)

## ഡി വിഭാഗം

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'കുടിവെള്ളം വില്പനച്ചരക്കാവുമ്പോൾ' എന്ന വിഷയത്തെക്കുറിച്ച് പഠനമെഴുതുക.

33. കാലാവസ്ഥാമാറ്റവും തീരദേശ-സമുദ്ര ജൈവ വൈവിധ്യവും എന്ന ലേഖനത്തിൻെറ സാമൂഹിക പ്രസക്തി വിവരിക്കുക.

34. ആശയവ്യക്തതയ്ക്കുവേണ്ടി എഴുത്തിൽ ഉപയോഗിക്കുന്ന അടയാളങ്ങളാണ് ചിഹ്നങ്ങൾ —വിശദീകരിക്കുക.

35. നവോത്ഥാനത്തിൻെറ പാഠങ്ങൾ എന്ന ലേഖനത്തിലൂടെ എം.എൻ. വിജയൻ നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

(2 × 15 = 30)